# കെ വി എസ് എച്ച് എസ് എസ് മുതുകളം



തിരുവിതാംകൂർ ദിവാനായിരുന്ന സർ സി പി രാമസ്വാമി അയ്യരുടെ നിർദ്ദേശപ്രകാരം മാവേലിക്കര എം എൽ സി ആയിരുന്ന കൊച്ചിക്കൽ ബാലകൃഷ്ണൻ തമ്പി മുഖേന മുതുകുളം ഗ്രാമത്തിൽ ഒരു സംസ്കൃത സ്കൂൾ തുടങ്ങുന്നതിനുള്ള അനുവാദം 1920 ൽ വാരണപ്പള്ളി ഉമ്മിണി കുഞ്ഞുപണിക്കർക്ക് നൽകി . ഒരു കുട്ടിക്ക് 7 ചക്രം ഫീസും സാറന്മാർക്ക് 7 രൂപ ശമ്പളം ഇതായിരുന്നു അന്നത്തെ സാഹചര്യം. ഫീസ് കൊടുത്ത് പഠിക്കുവാൻഅപൂർവ്വം ആളുകൾക്കേ അന്ന് കഴിഞ്ഞിരുന്നുള്ളൂ. എന്നാലും പിരിഞ്ഞ് കിട്ടുന്ന ചെറിയ ഫീസും മാനേജരുടെ സഹായവും കൊണ്ട് അദ്ധ്യാപകർ ആത്മാർത്ഥതയോടെ അദ്ധ്യാപനം നടത്തി.മുതുകുളത്ത് നിന്നും അര കിലോമീറ്റർ വടക്ക് കല്ലുംമൂട് ജംഗ്ഷനിലാണ് ഈ സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. ചെയ്യുന്നത്.

| |
|---|
| **റവന്യൂ ജില്ല** |
| ആലപ്പുഴ |
| **വിദ്യാഭ്യാസജില്ല** |
| ആലപ്പുഴ |
| **ഉപജില്ല** |
| ഹരിപ്പാട് |
| **പ്രധാനാധ്യാപകൻ** |
| രാകേഷ് കെ ആർ |
| **പി ടി എ പ്രസിഡൻ്റ്** |
| കെ എസ് ഷാനി |
| **എം പി ടി എ പ്രസിഡൻ്റ്** |
| അമ്പിളി വി |

1937 ൽ സ്ഥാപക മാനേജരായിരുന്ന ഉമ്മിണി കുഞ്ഞുപണിക്കർ അന്തരിച്ചു. അതിനുശേഷം അദ്ദേഹത്തിന്റെ അനന്തരവനായിരുന്ന എൻ. ദിവാകരപ്പണിക്കർ മാനേജരായി സ്ഥാനമേറ്റെടുത്തു.

ആർ ശങ്കർ

സ്വാതന്ത്ര്യാനന്തരം അന്നത്തെ പുതിയ വിദ്യാഭ്യാസ പദ്ധതി സ്വീകരിച്ച് ഈ സ്ക്കൂൾ ഒരു സംസ്കൃത ഇംഗ്ലീഷ് സ്ക്കൂളാക്കി ഉയർത്തി.1964 ൽ ആർ. ശങ്കർ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ആയിരുന്നപ്പോൾ ഈ മിഡിൽ സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. 1976 ൽ എൻ. ദിവാകരപ്പണിക്കരുടെ മരണാന്തരം മകനായ ശ്രീ. ടി. കെ. രാജേന്ദ്രപ്പണിക്കർ മാനേജരായി ചുമതലയേറ്റു. 2000 ൽ ഈ സ്ക്കൂൾ ഹയർസെക്കന്ററി സ്ക്കൂളായി ഉയർത്തപ്പെട്ടു. രണ്ട് ബാച്ച് സയൻസും ഒരു ബാച്ച് ഹ്യൂമാനിറ്റീസുമാണ് കോഴ്സുകൾ. 5 മുതൽ 10 വരെയുള്ള ക്ളാസ്സുകളിൽ ഒന്നാം ഭാഷയും രണ്ടാം ഭാഷയും സംസ്കൃതം ആണ് പഠിപ്പിക്കുന്നത്.





# മുകുളം

# ആമുഖം

2023– 2024 അധ്യയന വർഷം മുതുകുളം കെ വി എസ് എച്ച് എസ് എസ്സിലെ ഒൻപതാം ക്ലാസ്സിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ (മുകുളം) തയ്യാറാക്കുന്നു. ഇതിനായി കുട്ടികളുടെ തനത് സൃഷ്ടികളെ ആസ്പദമാക്കി ഒരു ചെറിയ ശ്രമം നടത്തി. കുട്ടികളിലെ സർഗവാസനകളെ അഭിലഷണീയമായ രീതിയിൽ വളർത്തിയെടുക്കാൻ ഡിജിറ്റൽ മാഗസിനു സാധിക്കും എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ ഉദ്യമം തുടങ്ങിയത്.
സമയപരിധിക്കുള്ളിൽ നിന്നുകൊണ്ട് കുട്ടികൾ സൃഷ്ടിച്ച ഈ മുകുളം വിടർന്നു വിലസട്ടെ............... ഇ –റീഡിംഗിന്റെ സാധ്യത നമുക്ക് പ്രയോജനപ്പെടുത്താം എന്ന പ്രതീക്ഷയോടെ............



# സൗഹൃദം

ഒരു കാട്ടിൽ ഒരു മുയലും ഒരു ആമയും താമസിച്ചിരുന്നു. ആമ ഒരു കുളത്തിലും മുയൽ അതിനോട് ചേർന്ന ഒരു മാവിന്റെ അടിയിലെ മാളത്തിലുമാണ് താമസിച്ചിരുന്നത്. ഒരു ദിവസം ഒരു കൊക്ക് അവിടുത്തെ കുളത്തിൽ വെള്ളം കുടിക്കാൻ എത്തി.
കൊക്ക് വെള്ളം കുടിച്ചുകൊണ്ടിരിക്കുമ്പോൾ ആമ വന്നു ചോദിച്ചു- ആരാണ് നീ ? എവിടെനിന്നു വരുന്നു? അപ്പോൾ കൊക്കു പറഞ്ഞു "കുറച്ചു ദിവസമായി ഈ കാടു മുഴുവൻ അലയുകയായിരുന്നു. അപ്പോഴാണ് ഒരു കുളം കണ്ടത്". അപ്പോൾ അവിടേക്ക് ഒരു മുയൽ വന്നു. അവൻ കൊക്കിനെ സൂക്ഷിച്ചു നോക്കിക്കൊണ്ട് ചോദിച്ചു- നീ പുതിയ ആളാണല്ലോ? എവിടെയാ നിന്റെ താമസം? കൊക്കു പറഞ്ഞു - ദേ ആ കാണുന്ന മാവിന്റെ കൊമ്പിലാണ് താമസം. അത് എന്റെ താമസസ്ഥലമാണ് മുയൽ പറഞ്ഞു. അതുകൊണ്ടു ഇവിടെ താമസിക്കാൻ പറ്റില്ല ,നീ വന്നിടത്തേക്ക് തന്നെ തിരിച്ചുപൊയ്ക്കോളൂ. കൊക്കു പറഞ്ഞു ഞാൻ ഈ മാവിന്റെ കൊമ്പിലല്ലേ താമസം അതിന് നിനക്ക് ഒരു ബുദ്ധിമുട്ടും വരില്ലല്ലോ. കൊക്ക് തുടർന്നു -സുഹൃത്തേ! ഞാൻ എന്റെ താമസസ്ഥലംവിട്ട് ഇവിടേക്ക് വരില്ലായിരുന്നു. പക്ഷേ...........കൊക്കു കുറച്ചുനേരം മിണ്ടാതെ നിന്നു. അപ്പോൾ ആമ ചോദിച്ചു നീ എന്താണ് ആലോചിക്കുന്നത്? കൊക്ക് തന്റെ കഥ പറയാൻ തുടങ്ങി ...അങ്ങ് ദൂരെ ഒരു ഗ്രാമത്തിൽഒരു കടയുടെ അടുത്തായിട്ടൊരു ആൽമരം ഉണ്ടായിരുന്നു. അതിൽ ഞാനും എന്റെ കുടുംബവും കൂട്ടുകാരും താമസിച്ചുവരികയായിരുന്നു. അങ്ങനെ ഞങ്ങൾ സന്തോഷത്തോടെ കഴിഞ്ഞു വരുമ്പോൾ മനുഷ്യർ വികസനത്തിനുവേണ്ടി ആമരം മുറിച്ചു കളഞ്ഞു. അതിൽ ധാരാളം പക്ഷികൾ ചത്തു, ഞങ്ങളുടെ മുട്ടകളും നശിച്ചു. അതിൽ എന്റെ കുടുംബവും നഷ്ടപ്പെട്ടു എന്നു കരഞ്ഞുകൊണ്ടു നിർത്തി. കഥമുഴുവനും കേട്ടപ്പോൾ ആമയ്ക്കും മുയലിനും സങ്കടമായി. അവർ കൊക്കിന്റെ അടുത്തുചെന്നുപറഞ്ഞു നീ വിഷമിക്കണ്ട, നിനക്കു ഞങ്ങളുണ്ട്

ഇന്നുമുതൽ നമ്മൾ ചങ്ങാതിമാരാണ്. നീ ആ മരത്തിൽ കൂട് കൂട്ടിക്കോളൂ.അങ്ങനെ അവർ മൂന്നുപേരും സന്തോഷത്തോടെ അവിടെ താമസിച്ചു.



ശ്രീവിദ്യ ആർ

# മധുരബാല്യം

മഞ്ചാടിമുത്തിനെ മാണിക്യമായി കാണും
മധുരം തുളുമ്പുമെൻ ബാല്യകാലം.
തുമഞ്ഞുതുള്ളിയിൽ മഴവില്ല് വിരിയുന്ന
വർണശബളമാം ബാല്യകാലം.
വെള്ളരിപ്രാവിന്റെ ചിറകൊച്ചകേൾക്കുമ്പോൾ
മലസ്സുതുടിക്കുന്ന മധുരകാലം.
മാമ്പൂമണമുള്ള കൈതപ്പൂ നിറമുള്ള
ജീവിതയാത്ര തൻ വസന്തകാലം.

ആദിനാരായണൻ പി എച്ച്



# ഒരുമ

ഒരിടത്ത് ഒരു തത്ത താമസിച്ചിരുന്നു. അതിന്റെ പേര് കിങ്ങിണി. അത് ഒരു മരത്തിലാണ് താമസിക്കുന്നത്. അതിന്റെ അടുത്ത് ഒരു വീടുണ്ട്. അവിടുത്തെ വളർത്തു പൂച്ചയുടെ പേര് കുക്കി. തത്തയ്ക്ക് കുക്കിയെ വളരെ പേടിയാണ്. അതറിയാവുന്ന ഒരു മുയൽ അവിടെ അടുത്ത് താമസിക്കുന്നുണ്ടായിരുന്നു.അവരെ ഒന്നിപ്പിക്കണം എന്നായിരുന്നു മുയലിന്റെ ചിന്ത. മുയൽ പൂച്ച പോകുന്ന വഴിയിൽ കെണി വച്ചു. പൂച്ച അതിൽ കുടുങ്ങി. അവിചെ ആ സമയത്ത് തത്തവന്നു പൂച്ചയെ രക്ഷിച്ചു. തത്തയുടെ പേടി മാറി . അവർ കൂട്ടുകാരുമായി.

ദേവാഞ്ചന ആർ



# മലയാളം

മലയാളമാണ് മാതൃഭാഷ എന്റെ ഭാഷ
മധുരം നിറയ്ക്കുന്ന കഥകളും കവിതകളും
അറിവും വിവേകവും പകർന്നു നൽകും
പെറ്റമ്മ പോലെന്റെ മലയാളഭാഷ.



ആർദ്രാ ശശികുമാർ

# മരച്ചില്ല

ചില്ലനിറഞ്ഞു വിശാലമായ
മരമുണ്ടു മണ്ണിൽ തണലുണ്ട്
മണ്ണിലെ കാറ്റായി മരമുണ്ട്
മരച്ചില്ലകളിലാടുന്നപക്ഷികൾ
ഹരിതചില്ലകളിൽ മണമായി
മധുവായി പൂക്കളായി ഉല്ലസി–
ച്ചിടുന്ന മനോഹരവൃക്ഷമുണ്ട്.



ഉത്തര എസ് നായർ

# വൃദ്ധനും രാജാവും

ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം സൽസ്വഭാവിയും ബുദ്ധിമാനുമായിരുന്നു. ഒരു ദിവസം അദ്ദേഹം തന്റെ ഗ്രാമം സന്ദർശിക്കാൻ വേഷം മാറിപ്പോയി. അവിടെ ചെന്നപ്പോൾ ഒരുപാട് നല്ലവരായ മനുഷ്യരെ കണ്ടു. അതിലൊരാൾ വികലാംഗനായിരുന്നു. പക്ഷേ അദ്ദേഹം ചെടികൾ നടുകയും വെള്ളമൊഴിക്കുകയും ചെയ്യുകയായിരുന്നു. അത് രാജാവ് അതിശയത്തോടെ നോക്കിയിട്ട് ആ വൃദ്ധന്റെ അടുക്കലേക്ക് ചെന്നു. അപ്പോൾ രാജാവ് ചോദിച്ചു – താങ്കൾ എന്തിനാണ് ഇങ്ങനെ ചെയ്യുന്നത്? ഇതിൽ പഴങ്ങൾ ഉണ്ടാകുമ്പോൾ താങ്കൾ ഈ ഭൂമിയിൽ ഉണ്ടാകുമോ? അപ്പോൾ വൃദ്ധൻ ചിരിച്ചുകൊണ്ട് പറഞ്ഞു ഇത് എന്റെ കടമയാണ്. ഇതുകേട്ട് രാജാവ് ലജ്ജിച്ചു തലതാഴ്ത്തി.



അനുപ്രിയ പി

# ജീവിതമെന്ന പാഠം

ഒരിക്കൽ ഒരിടത്ത് രണ്ട് സഹോദരങ്ങൾ താമസിച്ചിരുന്നു. പക്ഷേ അവർ ശത്രുക്കളെപ്പോലെയാണ് ജീവിച്ചത്. ജീവിതത്തിന് ഒരു അർത്ഥവും ഇല്ലാതെ. അതിൽ മൂത്തസഹോദരൻ നല്ല ബുദ്ധിമാനും ശ്രേഷ്ഠനും ധൈര്യശാലിയുമായിരുന്നു. ഇളയ ആൾ തന്റെ ജ്യേഷ്ഠന്റെ നല്ല വാക്കുകൾ കേൾക്കാതെ തന്റെ പ്രിയസുഹൃത്തുക്കൾക്കൊപ്പം ലഹരിക്കടിമയായി ജീവിച്ചു. പക്ഷേ അവന്റെ ചേട്ടന് അനുജൻ തെറ്റായ വഴിയിൽ സഞ്ചരിക്കുന്നതിൽ ദുഃഖമുണ്ടായി. ഒരുദിവസം അവൻ മദ്യപിച്ച് വഴിയിൽ നിന്നു വഴക്കുണ്ടാക്കി. അക്കാരണത്താൽ അവനെ ജയിലിലാക്കി. ആ സമയത്ത് തന്നെ രക്ഷിക്കാൻ കൂട്ടുകാർ വരുമെന്ന് അവൻ പ്രതീക്ഷിച്ചു. എന്നാൽ അവനെ സഹായിക്കാൻ വന്നതാകട്ടെ അവന്റെ ചേട്ടനായിരുന്നു. എന്നാൽ ചേട്ടനെ കണ്ടപ്പോൾ ആദ്യം അവന് ദേഷ്യമായി, പിന്നീട് അവൻ ശാന്തനായി. അപ്പോൾതന്നെ അവൻ ഒരു പാഠം പഠിച്ചു കഴിഞ്ഞിരുന്നു– കൂടപ്പിറപ്പുകളുടെ സ്നേഹത്തോളം ഒരു സുഹൃത്തിനും നമ്മെ സഹായിക്കാൻ കഴിയില്ല എന്ന്. ജയിൽമോചിതനായശേഷവും അവന് ചേട്ടനോട് അപ്പോഴും ദേഷ്യമായിരുന്നു. അവൻ വീണ്ടും പഴയ കൂട്ടുകാരെത്തേടിപ്പോയി. കൂട്ടുകാർ വീണ്ടും അവനെ ലഹരി ഉപയോഗിക്കാൻ പ്രേരിപ്പിച്ചു. അവൻ ലഹരിക്കടിമയായി. ഒരു ദിവസം അവന്റെ വായിൽ ഒരു വ്രണം ഉണ്ടായി. ആദ്യം അവൻ അതു കാര്യമാക്കിയില്ല. പക്ഷേ അത് വലുതായി വന്നപ്പോൾ അവൻ ആശുപത്രിയിൽ ചെന്നു പരിശോധിച്ചപ്പോൾ "കാൻസർ" ആണെന്ന സത്യം അവനു മനസ്സിലായി. ആശുപത്രിയിൽ അഡ്മിറ്റാക്കിയ അവനെ കൂട്ടുകാരാരും തിരിഞ്ഞു നോക്കിയില്ല. പക്ഷേ അവന്റെ ചേട്ടൻ ഈ വിവരമറിഞ്ഞു ഹൃദയംപൊട്ടുന്ന വേദനയിൽ അവന്റെ ടുത്തേക്ക് ഓടി വന്നു. അപ്പോഴാണ് യഥാർഥസ്നേഹം തന്നത് തന്റെ പ്രിയസഹോദരൻ മാത്രമാണെന്ന് അവൻ തിരിച്ചറിഞ്ഞു.



അനഘ ആർ

# അപ്പുവിന്റെ സ്നേഹം

അപ്പുവിന്റെ അച്ഛൻ നടക്കാൻ പോയപ്പോൾ വഴിയിൽ ഒരു ആമയെ കണ്ടു. അദ്ദേഹം ആ ആമയെ വീട്ടിൽ കൊണ്ടുവന്നു. അച്ഛൻ അപ്പുവിനോട് പറഞ്ഞു– ഈ ആമയെ നീ നന്നായി നോക്കണം. ഇതിനെ ചന്തയിൽ കൊടുത്താൽ നല്ല വില കിട്ടും. ശരി അച്ഛാ. പക്ഷേ അപ്പുവിന് വിഷമം തോന്നി. ആ പാവം ആമയെ എന്തിനാ കൊല്ലുന്നത്? അതിനെ നദിയിൽ ഒഴുക്കി വിടാം എന്ന് ചിന്തിച്ചു. അപ്പു ആമയെ ഒഴുക്കി വിട്ടു. കുറച്ചു സമയത്തിനു ശേഷം അച്ഛൻ വന്ന് ആമ തിരക്കി. അപ്പോൾ അവൻ പറഞ്ഞു അത് ഇറങ്ങി കുളത്തിൽ പോയി. ഞാൻ പറഞ്ഞില്ലേ അതിനെ നോക്കണമെന്ന്. അപ്പുവിന്റെ അച്ഛൻ അവനെ കുറേ തല്ലി. എങ്കിലും അവന് വിഷമം തോന്നിയില്ല. ഞാൻ ഒരു നല്ല കാര്യമല്ലേ ചെയ്തത്.



കാർത്തികേയൻ ആർ

# ഐക്യമാണ് ശക്തി

ഒരിടത്ത് ഒരിടത്ത് കുറേ പ്രാവുകൾ ഉണ്ടായിരുന്നു. അവർ തീറ്റ തേടി പോകുകയായിരുന്നു. അവർ ഒരു വേടൻ വിരിച്ച വലയിൽ അകപ്പെട്ടു. അവർ കുറേ പരിശ്രമിച്ചിട്ടും രക്ഷനേടാൻകഴിഞ്ഞില്ല. അവർ ഒരുമിച്ച് മുകളിലേക്ക് പറന്നു രക്ഷപെട്ടു. ഐകമത്യം മഹാബലം.



ആദിത്യ സജീവ്

# ഭിന്ന ശേഷി കുട്ടിയുടെ മികവാർന്ന പ്രവർത്തനം



അഭയ് കൃഷ്ണ




